പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1998 19.06.2012 -ലെ മറുപടി

**കൊയിലാണ്ടി നഗരസഭയിലെ യാത്രാപ്രശ്നം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നഗരസഭയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ഉണ്ട്. കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. എം.എൽ.എ ശ്രീ. കെ. ദാസൻ കത്ത് നൽകിയിട്ടുണ്ട്. അതിൻമേലുള്ള പ്രാഥമിക അന്വേഷണം നടന്നുവരികയാണ്. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ, മുൻസിപ്പാലിറ്റിയോ സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി തന്നാലും ഒരു ഓപ്പറേറ്റിംഗ് സെന്ററിന്റെ തുടർ പ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി കണ്ടെത്തേണ്ടി വരും. കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ സാമ്പത്തിക സ്ഥിതി പുതിയ ബാദ്ധ്യതകൾ ഒന്നും തന്നെ ഏറ്റെടുക്കാൻ കഴിയുന്ന അവസ്ഥയിലല്ല. ആയതിനാൽ കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (ബി) | പ്രസ്തുത ആവശ്യം ഉന്നയിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ